ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 19.01.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഇന്ന് രാവിലെ 11 മണിക്ക്.

   Prime Minister Narendra Modi's monthly radio address Mann Ki Baat will be held at 11 am today.

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ദേശീയ ദുരന്ത നിവാരണ സേനയുടെ 20-ാമത് സ്ഥാപക ദിനാഘോഷത്തിൽ പങ്കെടുക്കും.

   Union Home Minister Amit Shah will attend the 20th raising day celebrations of the National Disaster Response Force today.

3. രാജ്യത്തിന്റെ ബുള്ളറ്റ് ട്രെയിൻ സംരംഭത്തെ സാമ്പത്തിക സമന്വയത്തിന് കുതിപ്പ് നൽകുന്ന പദ്ധതിയായി കാണണമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   Union Minister Ashwini Vaishnav wants the country's bullet train project to be seen as a project that will give a boost to economic integration.

4. ആദ്യഘട്ടത്തിൽ മോചിപ്പിക്കുന്ന ബന്ദികളുടെ പട്ടിക പുറത്ത് വിടാതെ ഗസ വെടിനിർത്തൽ കരാറുമായി മുന്നോട്ട് പോകില്ലെന്ന് ഇസ്രായേൽ.

   Israel will not go ahead with the Gaza ceasefire agreement without releasing the list of hostages to be released in the first phase.

5. മണ്ഡല, മകരവിളക്ക് കാലത്തിന് സമാപനം കുറിച്ച് നാളെ ശബരിമല നട അടയ്ക്കും.

**Sabarimala temple to be closed tomorrow to mark the end of Mandala and Makaravilakku seasons.**

6. ഖോഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകൾ ഫൈനലിൽ. ഐഎസ്എല്ലിൽ കേരള ബ്ലാസ്റ്റേഴ്സ്-നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം സമനിലയിൽ..

**Indian men's and women's teams in the final of the Kho kho World Cup. Kerala Blasters-NorthEast United match in the ISL ended in a draw.**

************************************************************

## HEADLINE-1
## MANN KI BAAT

പ്രധാനമന്ത്രി Sനരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഇന്ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 118-ാാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. ദൂരദർശനിലും പരിപാടി സംപ്രേഷണം ചെയ്യും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞ ഉടൻ തന്നെ പ്രാദേശിക ഭാഷയിൽ മൻ കി ബാത്ത് കേൾക്കാം.

**********************************************

## HEADLINE-2
## AMIT SHAH-AP

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ ദേശീയ ദുരന്ത നിവാരണ സേനയുടെ 20-ാമത് സ്ഥാപക ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. 200 കോടിയിലധികം രൂപയുടെ പദ്ധതികൾക്ക്

അദ്ദേഹം തുടക്കമിടും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ദക്ഷിണ മേഖല കാമ്പസ്, എൻഡിആർഎഫിന്റെ 10-ാാം ബറ്റാലിയൻ കാമ്പസ്, സുപോളിലെ ആർആർസി-ഒമ്പതാം ബറ്റാലിയൻ കേന്ദ്രം എന്നിവയുടെ ഉദ്ഘാടനം ശ്രീ ഷാ നിർവ്വഹിക്കും. ഹൈദരാബാദിലെ നാഷണൽ പോലീസ് അക്കാദമിയിൽ പുതിയ സംയോജിത ഇൻഡോർ ഷൂട്ടിംഗ് റേഞ്ചിനും അദ്ദേഹം തറക്കല്ലിടും.

..............................................

## THIRUVALLUVAR

ഇന്ത്യൻ സഹകരണത്തോടെ ശ്രീലങ്കയിലെ ജാഫ്നയിൽ നിർമിക്കുന്ന സാംസ്കാരിക കേന്ദ്രത്തിനു തമിഴ് കവിയും തത്വചിന്തകനുമായ തിരുവള്ളുവരുടെ പേര് നൽകുന്നതിനെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരുരാജ്യങ്ങളും തമ്മിലുള്ള ചരിത്രപരവും സാംസ്കാരികപരവുമായ ബന്ധത്തിന്റെ പ്രതീകമായാണ് കേന്ദ്രത്തിന്റെ പുനർനാമകരണം. രാജ്യത്തിന്റെ മഹത്തായ തത്വചിന്താപൈതൃകത്തിന്റെയും തമിഴ് സംസ്കാരത്തിന്റെയും അടയാളമാണ് തിരുവള്ളുവർ കൃതികളെന്നു പ്രധാനമന്ത്രി തിരുവള്ളുവർ ദിനത്തിൽ അനുസ്മരിച്ചിരുന്നു.

..............................................

## HEADLINE-3

## ASHWINI VAISHNAW (INTRO)

രാജ്യത്തിന്റെ ബുള്ളറ്റ് ട്രെയിൻ കേവലം ഒരു ഗതാഗത സംരംഭം മാത്രമല്ലെന്നും സാമ്പത്തിക സമന്വയത്തിന് കുതിപ്പ് നൽകുന്ന പദ്ധതിയായി നോക്കി കാണണമെന്നും കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്. മഹാരാഷ്ട്രയിലെ താനെയിൽ ബുള്ളറ്റ് ട്രെയിൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയായിരുന്നു

അദ്ദേഹം. 21 കിലോമീറ്റർ ദൈർഘ്യമുള്ള ഭൂഗർഭ ടണലിന്റെ നിർമാണം മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

**(VOICE)**

ബുള്ളറ്റ് ട്രെയിൻ പദ്ധതി പൂർത്തിയാകുന്നതോടെ മുംബൈ, താനെ, സൂറത്ത്, അഹമ്മദാബാദ് എന്നിവിടങ്ങളിലെ വ്യാപാര സാധ്യതകൾ വർധിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

..........................................................

## FARMERS DISCUSSION

പഞ്ചാബിൽ പ്രതിഷേധിക്കുന്ന കർഷകരുമായി കേന്ദ്ര സർക്കാർ അടുത്തമാസം 14 ന് ചർച്ച നടത്തും. കാർഷിക വിളകൾക്ക് കുറഞ്ഞ താങ്ങുവില ഉറപ്പാക്കുന്നതിന് നിയമപരമായ ഉറപ്പ് ആവശ്യപ്പെട്ട് പ്രതിഷേധിക്കുന്ന കർഷകരുമായി ഛണ്ഡിഗഢിലാണ് ചർച്ച നടക്കുന്നത്. 54 ദിവസമായി നിരാഹാരം അനുഷ്ഠിക്കുന്ന കർഷക നേതാവ് ജഗ്ജിത് സിങ് ദല്ലേവാൾ ചർച്ചയുടെ തീയതി പ്രഖ്യാപിച്ചതിനെ തുടർന്ന് മെഡിക്കൽ സഹായം സ്വീകരിക്കുന്നതിന് സമ്മതിച്ചു. എന്നാൽ ആവശ്യങ്ങൾ അംഗീകരിക്കുന്നത് വരെ നിരാഹാരം തുടരുമെന്ന് അദ്ദേഹം അറിയിച്ചു.

..........................................................

## WB-RG KAR VERDICT

കൊൽക്കത്ത ആർ ജി കർ മെഡിക്കൽ കോളേജിൽ ജൂനിയർ ഡോക്ടർ പീഡനത്തിനിരയായി കൊല്ലപ്പെട്ട കേസിൽ പ്രതി സഞ്ജയ് റോയിയുടെ ശിക്ഷ നാളെ വിധിക്കും. പ്രതി കുറ്റക്കാരനെന്ന് കൊൽക്കത്ത സീൽദായിലെ അഡീഷണൽ ജില്ലാ സെഷൻസ് കോടതി ഇന്നലെ

കണ്ടെത്തിയിരുന്നു. കഴിഞ്ഞ വർഷം ഓഗസ്റ്റ് 9 നാണ് കേസിനാസ്പദമായ സംഭവം ഉണ്ടായത്.

.............................................

## RAJNATH SINGH

ഇന്ത്യൻ സംസ്കാരത്തിന്റെയും ആത്മീയ അനുഭവത്തിന്റെയും ഉത്സവമാണ് മഹാകുഭമേളയെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. പല രാജ്യങ്ങളിൽ നിന്നായി ജാതി മത ഭേദമന്യേ ആളുകൾ ഇവിടെയെത്തുന്നു. ഇത് സാമൂഹിക ഐക്യത്തിന്റെ കൂടി സംഗമമാണെന്നും ഇന്നലെ പ്രയാഗ് രാജ് സന്ദർശിച്ച ശ്രീ രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു.

.............................................

## MAHAKUMBH 2025

പ്രയാഗ് രാജിൽ നടക്കുന്ന മഹാ കുംഭമേളയിൽ ഇതുവരെ പുണ്യസ്നാനം നടത്തിയത് 7.72 കോടി തീർത്ഥാടകർ. ഇന്നലെ മാത്രം 42 ലക്ഷത്തിലധികം പേരാണ് പുണ്യസ്നാനം നടത്തിയത്. മഹാകുംഭ് നഗർ ഇന്നലെ സന്ദർശിച്ചത് ഏകദേശം 32 ലക്ഷം തീർത്ഥാടകരാണ്.

.............................................

### HEADLINE-6

## KHO-KHO WC

ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകൾ ഫൈനലിൽ. ന്യൂഡൽഹിയിൽ ഇന്നലെ നടന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തിയാണ് പുരുഷ ടീമിന്റെ ഫൈനൽ പ്രവേശനം. നേരത്തെ ഇതേ വേദിയിൽ ദക്ഷിണാഫ്രിക്കയുമായി നടന്ന മറ്റൊരു പോരാട്ടത്തിൽ ഇന്ത്യൻ വനിതാ ടീമും ഫൈനൽ യോഗ്യത

നേടിയിരുന്നു. നേപ്പാളാണ് ഫൈനലിൽ ഇന്ത്യൻ വനിതാ ടീമിന്റെ എതിരാളികൾ.

.............................................

## ISL

ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം ഗോൾ രഹിത സമനിലയിൽ അവസാനിച്ചു. ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ ഹൈദരാബാദും ബെംഗളൂരുവും സമനിലയിൽ പിരിഞ്ഞിരുന്നു. ഇരു ടീമുകളും ഓരോ ഗോൾ വീതമാണ് നേടിയത്. ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ഗോവ- ഈസ്റ്റ് ബംഗാളിനെ നേരിടും.

.............................................

## INDIA OPEN

ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് സെമി ഫൈനലിൽ ഇന്ത്യയുടെ സാത്വിക് സായ്‌രാജ് രെങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യത്തിന് തോൽവി. ഇന്നലെ നടന്ന മത്സരത്തിൽ മലേഷ്യൻ സഖ്യത്തോടാണ് പരാജയപ്പെട്ടത്.

.............................................

### HEADLINE-5

## SABARIMALA (INTRO)

മണ്ഡല, മകരവിളക്ക് കാലത്തിനു സമാപനം കുറിച്ച് നാളെ ശബരിമല നട അടയ്ക്കും. ദർശനം ഇന്നു വരെ മാത്രം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

(വോയിസ്)

.............................................

## HEADLINE-4

## GAZA CEASEFIRE DEAL – NETANYAHU

ആദ്യ ഘട്ടത്തിൽ മോചിപ്പിക്കുന്ന ബന്ദികളുടെ പട്ടികയിലെ 33 പേരുടെ വിവരങ്ങൾ പുറത്ത് വിടാതെ ഗസ വെടിനിർത്തൽ കരാറുമായി മുന്നോട്ട് പോകില്ലെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. ഇന്ന് നിലവിൽ വരുന്ന കരാറിന് മണിക്കൂറുകൾക്ക് മുൻപാണ് ഇസ്രായേലിന്റെ പ്രതികരണം. മോചിപ്പിക്കുന്നതിന് 24 മണിക്കൂർ മുൻപ് ബന്ദികളുടെ വിവരങ്ങൾ പുറത്തു വിടണമെന്ന നിബന്ധന ഇതുവരെ പാലിച്ചില്ലെന്നും ഇസ്രായേൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് രാവിലെ 8.30 മുതലാണ് ഗസ വെടിനിർത്തൽ കരാർ നിലവിൽ വരുന്നത്. ആദ്യം ഘട്ടം 42 ദിവസം നീളും.

.............................................

## SAIF ALI KHAN

ബോളിവുഡ് താരം സെയ്ഫ് അലിഖാനെ വീട്ടിനുള്ളിൽ കടന്നുകയറി ആക്രമിച്ച കേസിൽ ആകാശ് എന്നയാൾ ഛത്തിസ് ഗഡിൽ പിടിയിൽ. മുംബൈ-ഹൗറ ജ്ഞാനേശ്വരി എക്സ്പ്രസിൽ യാത്ര ചെയ്യുന്നതിനിടെ ഇയാളെ ആർപിഎഫാണ് പിടികൂടിയത്. മുംബൈ പോലീസ് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു തിരച്ചിൽ.

.............................................

## RAIN - KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

.............................................

## RAJOURI

കഴിഞ്ഞ ആറ് ആഴ്ചയ്ക്കുള്ളിൽ ജമ്മുവിലെ രജൗരി ജില്ലയിലുണ്ടായ മരണങ്ങളുടെ കാരണങ്ങൾ കണ്ടെത്തുന്നതിനായി ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ അന്തർ-മന്ത്രാലയ സംഘത്തെ നിയോഗിക്കാൻ കേന്ദ്ര മന്ത്രി അമിത് ഷാ ഉത്തരവിട്ടു. ആരോഗ്യ-കുടുംബക്ഷേമ, കൃഷി, ജലവിഭവ മന്ത്രാലയങ്ങളിനിന്നുള്ള വിദഗ്ധർ സംഘത്തിലുണ്ടാകും. മൃഗസംരക്ഷണം, ഭക്ഷ്യസുരക്ഷ, ഫോറൻസിക് സയൻസ് വിഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരും സംഘത്തെ അനുഗമിക്കും.

………………………………………………

## AMERICAN PODCASTER

അടുത്തമാസം പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അഭിമുഖം സംഘടിപ്പിക്കുമെന്ന് അമേരിക്കൻ പോഡ്കാസ്റ്റർ ലെക്സ് ഫ്രിഡ്മാൻ അറിയിച്ചു. സാങ്കേതിക- സാംസ്കാരികമേഖലകളിലെ രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ചുള്ള പ്രധാനമന്ത്രിയുടെ വീക്ഷണമാകും അഭിമുഖത്തിലെ പ്രധാന പ്രമേയം. ഡിജിറ്റൽ ഭരണനിർവഹണം, ശാസ്ത്രസാങ്കേതികവിദ്യ, നിർമ്മിതബുദ്ധി തുടങ്ങിയ വിഷയങ്ങളും സംവാദത്തിന്റെ ഭാഗമാകും.

………………………………………………

## INDIA-US MOU

സൈബർ ഭീഷണി ഇന്റലിജൻസ്, ക്രിമിനൽ അന്വേഷണങ്ങളിൽ ഡിജിറ്റൽ ഫോറൻസിക്സ് എന്നിവയിൽ സഹകരണവും വിവരങ്ങൾ പങ്കുവെക്കലും വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയും അമേരിക്കയും ധാരണാപത്രത്തിൽ ഒപ്പുവച്ചു. യുഎസിലെ ഇന്ത്യൻ അംബാസഡർ വിനയ് മോഹൻ ക്വാത്രയും യുഎസ് ആഭ്യന്തര സുരക്ഷാ ആക്ടിംഗ് ഡെപ്യൂട്ടി സെക്രട്ടറി ക്രിസ്റ്റി കനേഗല്ലോയും വാഷിംഗ്ടൺ ഡിസിയിൽ ധാരണാപത്രത്തിൽ

ഒപ്പുവച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ സമൂഹമാധ്യമത്തിൽ കുറിച്ചു.

............................................

## PM-SWAMITVA

സ്വാമിത്വ പദ്ധതിയുടെ കീഴിൽ 65 ലക്ഷത്തിലധികം പ്രോപ്പർട്ടി കാർഡുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ വീഡിയോ കോൺഫറൻസിംഗിലൂടെ വിതരണം ചെയ്തു. പത്ത് സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 50,000 ത്തിലധികം ഗ്രാമങ്ങളിലെ വസ്തു ഉടമകൾക്കാണ് ഭൂ അവകാശ രേഖകൾ നൽകിയത്.

.

..........................................

........................................................................................